**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2105** **01-09-2022 - ൽ മറുപടിയ്ക്ക്**

**മരുന്ന് കമ്പനികളുടെ ഉയർന്ന വില ഈടാക്കൽ തടയുവാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന മരുന്നുകളിൽ സർക്കാർ സ്ഥാപനങ്ങളുടേതും സ്വകാര്യസ്ഥാപനങ്ങളുടേതും ബഹുരാഷ്ട്രകമ്പനികളുടേതും എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ സർക്കാർ സ്ഥാപനങ്ങൾ വഴി 502 കോടി രൂപയുടെയും (12 ശതമാനം), സ്വകാര്യ സ്ഥാപനങ്ങൾ വഴി (ബഹുരാഷ്ട്ര കമ്പനികളുടെ ഡിപ്പോകൾ ഉൾപ്പടെ) 3726 കോടി രൂപയുടെ (88 ശതമാനം) അലോപ്പതി മരുന്നുകളുമാണ് ഉപയോഗിച്ചിട്ടുള്ളത്. 48 കോടി രൂപയുടെ ഹോമിയോ മരുന്നുകളും ഉപയോഗിച്ചിട്ടുണ്ട്.<br><br>2020-21 ൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) ലിമിറ്റഡ് (ഔഷധി) 141 കോടി രൂപയുടെ ആയുർവ്വേദ മരുന്ന് ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് സംബന്ധിച്ച് അലോപ്പതി/ ആയുർവ്വേദം/ഹോമിയോ മേഖലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ സർക്കാർ സ്ഥാപനങ്ങൾ വഴി 502 കോടി രൂപയുടെയും (12 ശതമാനം), സ്വകാര്യ സ്ഥാപനങ്ങൾ വഴി (ബഹുരാഷ്ട്ര കമ്പനികളുടെ ഡിപ്പോകൾ ഉൾപ്പടെ) 3726 കോടി രൂപയുടെ (88 ശതമാനം) അലോപ്പതി മരുന്നുകളുമാണ് ഉപയോഗിച്ചിട്ടുള്ളത്. 48 കോടി രൂപയുടെ ഹോമിയോ മരുന്നുകളും ഉപയോഗിച്ചിട്ടുണ്ട്.<br><br>2020-21 ൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) ലിമിറ്റഡ് (ഔഷധി) 141 കോടി രൂപയുടെ ആയുർവ്വേദ മരുന്ന് ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ പല മരുന്നുകളും അവരുടെ പേരിലുള്ള മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആയതുപോലുള്ള പ്രവർത്തനങ്ങൾ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാരതീയ് ജൻ ഔഷധി പരിയോജന പ്രകാരം സംസ്ഥാനത്ത് 900-ത്തോളം ജൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | കേന്ദ്രസഹായത്തോടെ നടപ്പാക്കാൻ കഴിയുമോ എന്നത് പരിശോധിയ്ക്കുമോ; | | സംസ്ഥാനത്ത് മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് വ്യവസ്ഥാപിതമായ ഒരു സംവിധാനം നിലവിലുള്ളതിനാലും പുതിയ സംവിധാനങ്ങൾക്ക് സ്ഥലപരിമിതി തടസ്സമായതിനാലും ,മരുന്ന് വിതരണത്തിൽ ആവർത്തനം ഉണ്ടാകുന്നതിനാലും ജൻ ഔഷധി മെഡിക്കൽ ഷോപ്പുകൾ കേരളത്തിലെ സർക്കാർ ആശുപത്രികൾക്കുള്ളിൽ ആരംഭിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ബഹുരാഷ്ട്ര/ഇതര സംസ്ഥാന മരുന്ന് കമ്പനികളുടെ കടന്നു കയറ്റവും ഉയർന്ന വിലയും മരുന്ന് കമ്പനികളുടെ ഉയർന്ന വില ഈടാക്കലും തടയുന്നതിന് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? ; | (ഡി) | കേന്ദ്ര അവശ്യവസ്തു നിയമം (Essential Commodities Act) -ത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്നില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വില്ക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്.<br><br>ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെയും അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നു വില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. കൂടാതെ, ഔഷധവില നിയന്ത്രണ സമിതിയുടെ കേരള പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റ് 2019-ൽ പ്രവർത്തനമാരംഭിച്ചതോടുകൂടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് കൂടുതൽ ഫലപ്രദമായ രീതിയിൽ അവശ്യ മരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഉറപ്പാക്കുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്ത് മരുന്ന് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് പുതുതായി LVP/SVP പ്ലാന്റ്, ഓങ്കോളജി പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പ്രാവർത്തികമാകുമ്പോൾ മരുന്ന് ഉത്പാദനം വർദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ